ഖാദി ട്രസ്റ്റി

*൨൦൬. (൭൨) ശ്രീ. ടി. എസ്സ്. ബസ്സു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അവിണിശ്ശേരിയിൽ നടത്തുന്ന അഖില കൊച്ചി ഖാദി ട്രസ്റ്റിനു് ഗവണ്മെണ്ടു് എത്ര സംഖ്യ ലോൺ കൊടുത്തിട്ടുണ്ടു്;

(ബി) ട്രസ്റ്റിനു് ഫൻ ൪൧-ലെ ബഡ്ജറ്റിൽ ഗ്രാൻറുകൊടുക്കുവാൻ വല്ല സംഖ്യയും വച്ചിട്ടുണ്ടോ;

(സി) ഫൻ ൪൦-ലെ സബ്സിഡി വകയ്ക്കു നീക്കിവച്ച സംഖ്യ ഞാറയ്ക്കലെ ഏതോ മരു സൊസൈറ്റിയുടെ ആവശ്യത്തിനായി അനുവദിച്ചതായി കേൾക്കുന്നതു് ശരിയാണോ;

(ഡി) കേന്ദ്രം ആവശ്യത്തിനു് വ്യവസായ ഡയറക്ടർ ഗവണ്മെണ്ടിലേക്കു് വല്ല അലാട്ടുമെൻറും തയാറാക്കി അയക്കുകയുണ്ടായിട്ടുണ്ടോ?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഒന്നും കൊടുത്തിട്ടില്ല.

(ബി) ഈ സ്ഥാപനത്തിനായി തിരിച്ചു് യാതൊരു തുകയും ഉൾപ്പെടുത്തിയിട്ടില്ല.

(സി) ശരിയല്ല.

(ഡി) ഇല്ല.

സീതാറാം മിൽ

*൨൦൮. (൭൪) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ.—

(എ) സീതാറാം മിൽ മാനേജുമെൻറിനെക്കുറിച്ചു് വല്ല ആക്ഷേപങ്ങളും ഗവണ്മെണ്ടിലേക്കു് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണു് ഗവണ്മെണ്ടിൽ നിന്നും എടുത്തിട്ടുള്ളതു്?

വ്യവസായവും, എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഉവ്വു്.

(ബി) കൊച്ചി കമ്പനി ആക്ടു് ൧൯൫൫-ാം വകുപ്പുപ്രകാരം ഈ മാതിരി ഒരു അന്വേഷണത്തിനു വരാവുന്ന ചിലവുകൾ സഹിക്കാൻ തയ്യാറുണ്ടോ എന്നു ചോദിച്ചതിനു് ഹരജിക്കാർ ഇതുവരെ യാതൊരു മറുപടിയും തന്നിട്ടില്ല. അതിനാൽ ഈ കാര്യത്തിൽ മേൽ നടപടി ഒന്നും തുടർന്നിട്ടില്ല.

Unstarred Questions posted for Answer on 27th February 1951

കയറുമതി ഇറക്കുമതി സാധനങ്ങൾ

൭. (൧) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റുവർഷത്തിൽ ആകെ ഉണ്ടായിട്ടുള്ള ഇറക്കുമതി സാധനങ്ങളുടേയും, കയറുമതി സാധനങ്ങളുടേയും കണക്കുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഇറക്കുമതി സാധനങ്ങൾക്കുവേണ്ടി എത്ര ഉറപ്പിക ചിലവായി;

LIBRARY ARCHIVES Kerala Legislative Assembly

(സി) കയറുമതി സാധനങ്ങൾക്കുവേണ്ടി എത്ര ഉറപ്പിക ലാഭിക്കാൻ ഇടയായി?

വ്യവസായവും, എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) കയറുമതി ഇറക്കുമതികളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ സംസ്ഥാനത്തിനു പ്രത്യേകമായി സൂക്ഷിച്ചുപോരുന്നില്ല.

(ബി-യും, സി-യും) ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

നല്ലേപ്പുള്ള വെണ്ണാമട റോഡ്

വ. (ന) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് വർക്ക്സ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചിറ്റൂർ താലൂക്ക്, നല്ലേപ്പുള്ള വെണ്ണാമട റോഡ്, പോസ്റ്റൽ വാർ റീകൺസ്ട്രക്ഷൻ പദ്ധതിയിൽ കൊള്ളിച്ചിട്ടുണ്ടോ;

(ബി) കല്ലുപരത്തു വാൻ ടെണ്ടർ സ്വീകരിച്ചു പിന്നീട് വേണ്ടെന്നു വയ്ക്കുവാൻ എന്തായിരുന്നു കാരണം?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) ഉണ്ട്.

(ബി) വേണ്ടെന്നു വച്ചിട്ടില്ല. അടുത്തുതന്നെ പണി തുടങ്ങുന്നതാണ്.

CO-OPERATIVE SOCIETIES

9 [9] Sri. K. Balakrishna Menon: Will the Hon'ble Minister for Industries Excise & Local Self Government be pleased to state:—

(*a*) the number of co-operative Societies Liquidated in the State in the year 1950 and the causes for the same;

(*b*) the number of new co-operative societies formed in 1950?

Minister for Industries, Excise and Local Self Government **(Sri. N. Kunjuraman):**

(*a*) 58. They were defunct for the past many years and the Committees could not revive their working in spite of instructions from the Department.

(*b*) 132.

Starred Questions posted for Answer on 28th February 1951

അവശസമുദായക്കാർക്ക് ഇയർമാർക്ക് ചെയ്ത സ്ഥലങ്ങൾ

*ക. ൦൩. (ച) ശ്രീ. ടി. ടി കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു. റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തുനാട് താലൂക്കിൽ അവശവർഗ്ഗക്കാർക്ക് സൗജന്യനിരക്കിൽ പതിച്ചു നൽകുവാൻ സർക്കാർ സ്ഥലങ്ങൾ ഇയർമാർക്ക് ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നോ?

(ബി) ഉണ്ടായിരുന്നുവെങ്കിൽ പ്രസ്തുത സ്ഥലങ്ങൾ ഏതെല്ലാം പകുതികളിലും സർവ്വെ നമ്പരുകളിലുമായിരുന്നു?

(സി) പ്രസ്തുത സ്ഥലങ്ങളിൽ യഥാക്രമം പതിച്ചുകൊടുക്കപ്പെട്ട സ്ഥലങ്ങളുടെ ഏക്കർ സെൻറ് ക്രമം എങ്ങനെ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടായിരുന്നു.

(ബി & സി) വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly